+

## വി. ചാവറപിതാവിനോടുള്ള നൊവേന

"എന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റലാണ് എന്റെ ഭക്ഷണം" എന്നരുൾചെയ്ത ഈശോയുടെ മാതൃക പിഞ്ചെന്ന് ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിൽ തിരുസഭയോടും സ്നേഹത്തോടും വിശ്വസ്തത പുലർത്തി വിശുദ്ധിയിൽ ജീവിക്കുവാൻ പ്രചോദനവും മാർഗ്ഗദീപവുമായി വി. ചാവറപിതാവിനെ നൽകിയ ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. തന്നിലുള്ള പഴയമനുഷ്യനായ സ്വാർത്ഥതയെ, നിരന്തരം കുരിശിൻ ചുവട്ടിൽ ബലിചെയ്ത്, സ്വന്തമനസ്സിനെയും ഇച്ഛാശക്തിയെയും ദിവ്യകാരുണ്യനാഥന്റെ സവിധേ ചേർത്ത് സമർപ്പിച്ച് അങ്ങേ തിരുഹിതം മാത്രം തിരിച്ചറിഞ്ഞ് കർമ്മത്തിലൂടെ അവ നിറവേറ്റിയ വി. ചാവറപിതാവിനെ ഞങ്ങൾ സ്നേഹത്തോടെ ഓർക്കുന്നു.
ദൈവിക ദർശനങ്ങളെക്കാളും ദൈവിക അനുഭൂതികളെക്കാളും മഹത്വമേറിയതായി അദ്ദേഹം കരുതിയത്, ഈശോമിശിഹായുടെ കാണപ്പെടുന്ന മാതൃകകളായ അധികാരികളോടുള്ള അനുസരണമായിരുന്നല്ലോ.
മിശിഹായുടെ പ്രതിനിധികളായ അധികാരികളെ അനുസരിച്ചുകൊണ്ട് ദൈവഹിതം അതിന്റെ പൂർണ്ണതയിൽ നിറവേറ്റി അവസാനംവരെ കർത്താവിന്റെ വിശ്വസ്ത ദാസരായിരിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെ. ദൈവേഷ്ടത്തെ എതിർക്കുന്ന എല്ലാ പ്രലോഭനങ്ങളെയും തിരിച്ചറിഞ്ഞ്, അവയുടെ മേൽ വിജയം വരിക്കുവാനുള്ള ശക്തിയും കൃപയും, ആത്മധൈര്യവും ആത്മാവിന്റെ നിറവും നൽകി ഞങ്ങളെ വഴിനടത്തണമെ. ഈശോ മറിയം യൗസേപ്പേ, നിങ്ങളുടെ പ്രത്യേക മദ്ധ്യസ്ഥനായ വി. ചാവറപിതാവിന്റെ പുണ്യയോഗ്യതകളെ അനുസ്മരിച്ച് അയോഗ്യരും പാപികളുമായ ഈ മക്കളെയും വിശുദ്ധീകരിച്ച് സ്വർഗ്ഗഭാഗ്യത്തിന് യോഗ്യരാക്കണമെന്നും ഞങ്ങൾ ഇപ്പോൾ അപേക്ഷിക്കുന്ന ഈ അനുഗ്രഹം .... വിശുദ്ധന്റെ മാദ്ധ്യസ്ഥത്താൽ നിറവേറ്റിത്തരണമെയെന്നും ഞങ്ങൾ അപേക്ഷിക്കുന്നു.

ആമ്മേൻ.